711211

**D 135177** **(Pages : 3)** **Name.......................................**

**Reg. No...................................**

**FIRST SEMESTER (CBCSS–U.G.) DEGREE/B.VOC./INTEGRATED P. G. EXAMINATION**

**NOVEMBER 2025**

Common Course (Language Reduced Pattern)

Malayalam

MAL 1A07 (3)—MALAYALA BHASHAYUM SAHITHYAVUM – I

(2019 Syllabus)

Time : Two Hours and a Half Maximum : 80 Marks

**Section A**

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25 :

1. കണ്ടൽക്കാടുകൾ വെച്ചു പിടിപ്പിക്കേണ്ടതിന്റെ ആവശ്യകത എന്ത് ?
2. എസ്.കെ. പൊറ്റെക്കാട്ടിന്റെ രണ്ട് യാത്രാവിവരണഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുക.
3. "ചരിതാർത്ഥനായ് ധ്യാനനിരതനായി വാഴ്കയാ-

   മിരുപതു നൂറ്റാണ്ടായ് മുനിയിവിടെ"

   —പരാമർശമെന്ത് ?
4. കേട്ടെഴുത്ത് ആത്മകഥയുടെ പ്രത്യേകതകൾ എന്തൊക്കെ ?
5. 'തിരിച്ചു തന്നാലുമങ്ങ് മുറിച്ചൊരെൻ ചിറകുകൾ'—വിവക്ഷിതമെന്ത് ?
6. 'അച്ഛന് അരിശമാണ് മിണ്ടിയാൽ അരിശം കണ്ടാൽ അരിശം താൻ എന്ത് പിഴച്ചു'—ആരുടെ വാക്കുകൾ ? സന്ദർഭം എന്ത് ?
7. അടുത്തും അകന്നുമുള്ള പല പോസിലുള്ള ഫോട്ടോകൾ വേണം എന്നു കവി പറയാനുള്ള കാരണമെന്ത് ?
8. ഒരു കലാസൃഷ്ടി പൂർണമായി തീരുന്നതിനു വേണ്ട കാര്യങ്ങളെക്കുറിച്ച് നിത്യചൈതന്യയതിയുടെ അഭിപ്രായം എന്ത് ?
9. 'നീ ഒരിക്കലും അത് ചെയ്യരുത് ഞാൻ പറഞ്ഞു, അത് ഒരു തരം ക്രൂരതയാണ് '—കഥനായകൻ ലോലയോട് ഇങ്ങനെ പറയുന്നതിനുള്ള കാരണം എന്ത് ?
10. 'ഒത്തുതീർപ്പുകൾ' എന്ന ശീർഷകം കഥയ്ക്ക് അനുയോജ്യമാണോ ? സ്വാഭിപ്രായം രേഖപ്പെടുത്തുക.
11. "കൊല്ലേണ്ടതെങ്ങനെ' ചിരിച്ച മുഖത്തു നോക്കി

    യല്ലിൽ തനിച്ചിവിടെയമ്മ തപിച്ചിടുന്നു"

    —ആശയം എഴുതുക.

**Turn over**

711211

711211



12. 'ബുലവായോവ്–കുറിപ്പെഴുതുക

13. 'അവൾ ഒരു അമേരിക്കക്കാരിയാണെന്ന് വിശ്വസിക്കാൻ ആ നിമിഷങ്ങളിൽ പ്രയാസം തോന്നി'–സന്ദർഭം എന്ത് ?

14. "മധുരകേസരത്തിൻ പൊൻതടവറ വിട്ടു ഞാൻ

    പെൺചിറകിൽ വെൺപരാഗമായി പറന്നിടട്ടെ"

    –ആശയം എഴുതുക.

15. "വിതുമ്പുന്ന ചുണ്ടുകൾക്ക് നേരെ കൊച്ചിനെ ഉയർത്തി അവളുടെ വലത്തെ ചെകിട്ടിൽ മുത്തച്ഛൻ വിളിച്ചു വേണ്ടാംകടി !"–സന്ദർഭവും ആശയവും എന്ത് ?

(25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35 :

16. സ്വഹിലിഭാഷയുടെ സവിശേഷതകൾ വിശദമാക്കുക.

17. കുപ്പമ്മയുടെ സ്വഭാവ സവിശേഷതകൾ കഥാകാരി വർണ്ണിച്ചിരിക്കുന്നത് എങ്ങനെ ?

18. കാപ്പിരികളുടെ ജീവിതരീതിയുടെ പ്രത്യേകതകൾ എന്തൊക്കെ ?

19. കലയെക്കുറിച്ച് നിത്യചൈതന്യയതിയുടെ കാഴ്ചപ്പാടുകൾ വിവരിക്കുക.

20. "അവിടെയെന്നുൾക്കണ്ണാൽക്കാണുന്നു

    ഞാനേറെ വിവശിതമെൻ കുടുംബചിത്രം"

    –എന്തൊക്കെയാണ് കഥാനായകൻ കാണുന്ന കുടുംബ ചിത്രങ്ങൾ ?

21. പ്രണയവും വിരഹവുമാണ് ലോല എന്ന അമേരിക്കൻ പെൺകിടാവ് എന്ന കഥയുടെ പ്രമേയം–പരിശോധിക്കുക.

22. പൊക്കുടൻ രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് അകലാനിടയായ സാഹചര്യമെന്ത് ?

23. "തരിക തിരിച്ചെൻ സ്വപ്നം നിറഞ്ഞ കൗമാരം

    കളിചിരികൾ തൻ കളകളം നുരഞ്ഞ ബാല്യം"

    –പുതുകാലത്തിന്റെ സ്ത്രീപക്ഷ ചിന്തകളാണ് 'മീര പാടുന്നു' എന്ന കവിത–സമർത്ഥിക്കുക.

(35 marks)

711211

711211



## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. 'ആഫ്രിക്കൻ ജനതയുടെ സാമൂഹിക സാംസ്കാരിക ജീവിതത്തിന്റെയും വിമോചന പ്രയത്നങ്ങളുടെയും വിവരണം കൂടിയാണ് 'കാപ്പിരികളുടെ നാട്ടിൽ' എന്ന എസ്. കെ. പൊറ്റെക്കാട്ടിന്റെ സഞ്ചാരസാഹിതകൃതി –വിലയിരുത്തുക.

25. സ്ത്രീവിമോചനത്തിനായുള്ള പോരാട്ടമാണ് സച്ചിദാനന്ദന്റെ 'മീര പാടുന്നു' എന്ന കവിത–പരിശോധിക്കുക.

26. പാരിസ്ഥിതികാവബോധം ചർച്ച ചെയ്യുന്ന രചനകളാണ് കണ്ടൽ ജീവിതം, ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ എന്നിവ–ഉപന്യസിക്കുക.

27. ചെറുകഥയുടെ ആഖ്യാനസവിശേഷതകൾ വേണ്ടാംകടി, ഒത്തുതീർപ്പുകൾ എന്നീ കഥകളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

(2 × 10 = 20 marks)

711211